**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 265

18/08/2017-ൽ മറുപടിയ്ക്ക്

## പ്രീ സ്കൂളുകളെ ശിശു സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റാൻ ഇടപെടൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.യു. ആർ. പ്രദീപ്**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ** | | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| എ) | അങ്കണവാടികൾ, പ്രീ-കെ.ജി, എൽ.കെ.ജി, യു.കെ.ജി. തുടങ്ങിയ വിവിധതരം പ്രീ സ്കൂളുകളെ ശിശു സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റാൻ വേണ്ട ഇടപെടൽ നടത്തുമോ; | (എ) | എല്ലാ പ്രീ-കെ.ജി, എൽ.കെ.ജി, യു.കെ.ജി. പ്രീ സ്കൂളുകളെയും ശിശു സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റാൻ വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ബി) | അങ്കണവാടി ഒഴികെയുള്ള ഇത്തരം സ്ഥാപനങ്ങളിൽ പ്രവേശന പരീക്ഷ നടത്തുകയും കനത്ത ഫീസ് വാങ്ങുകയും ചെയ്യുന്നത് അവസാനിപ്പിക്കാൻ കർശന നടപടി ഉണ്ടാകുമോ; | (ബി) | വിദ്യാഭ്യാസ നിയമപ്രകാരം പ്രവേശന പരീക്ഷ നടത്തുന്നതിനോ ഫീസ് വാങ്ങുന്നതിനോ പാടില്ല. ഇതിനു വിരുദ്ധമായി പ്രവർത്തിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | കളികളിലൂടെയുള്ള ആശയ വിനിമയം, കൂട്ടായി പ്രവർത്തിക്കാനുള്ള അവസരങ്ങൾ, ചുറ്റുപാടുകളെ നിരീക്ഷിച്ച് മനസ്സിലാക്കാനുള്ള സാഹചര്യം, മാതൃഭാഷയിൽ ആശയവിനിമയം നടത്താനുള്ള ശിശുക്കളുടെ അവകാശം എന്നിവ അങ്കണവാടി ഒഴികെയുള്ള ഇത്തരം സ്ഥാപനങ്ങൾ നിഷേധിക്കുന്നതിനാൽ അവയെ കർശന നിയന്ത്രണത്തിന് വിധേയമാക്കാൻ വിദ്യാഭ്യാസവകുപ്പ് നടപടി സ്വീകരിക്കുമോ? | (സി) | കളികളിലൂടെയുള്ള ആശയവിനിമയം, കൂട്ടായി പ്രവർത്തിക്കാനുള്ള അവസരങ്ങൾ, ചുറ്റുപാടുകളെ നിരീക്ഷിച്ചു മനസ്സിലാക്കാനുള്ള സാഹചര്യം, മാതൃഭാഷയിൽ ആശയവിനിമയം നടത്താനുള്ള ശിശുക്കളുടെ അവകാശം എന്നിവ പരിഗണിച്ചുകൊണ്ട് എസ്.സി.ഇ.ആർ.ടി പ്രീസ്കൂൾ പാഠ്യ പദ്ധതിയും അതിനെ അടിസ്ഥാനമാക്കി അധ്യാപകർക്കുള്ള പ്രവർത്തന പുസ്തകവും തയ്യാറാക്കിയിട്ടുണ്ട്. ശിശുക്കളുടെ അവകാശങ്ങൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം സ്ഥാപനങ്ങളെ സർക്കാർ കർശന നിയന്ത്രണത്തിന് വിധേയമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ